മാതൃഭൂമി

25 September 2017

# ഒരുക്കാം മട്ടുപ്പാവിൽ ഒരു പഴത്തോട്ടം; പിന്തുണയുമായി കെ.വി.കെ.

**കൊച്ചി:** കീടനാശിനി രഹിത പഴവർഗങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം. വീടിന്റെ മട്ടുപ്പാവിൽ പഴത്തോട്ടം ഒരുക്കുന്ന രീതികൾ പരിചയപ്പെടുത്തുകയും സാങ്കേതിക സഹായങ്ങൾ നൽകി ഫലവൃക്ഷത്തൈകൾ ലഭ്യമാക്കുകയുമാണ് സി.എം.എഫ്.ആർ.ഐ.ക്ക് കീഴിലുള്ള കെ.വി.കെ.യുടെ പദ്ധതി.

പച്ചക്കറിക്ക് പുറമെ, പഴങ്ങളുടെ ഉത്പാദനത്തിലും സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മട്ടുപ്പാവിൽ പോലും പഴത്തോട്ടം ഒരുക്കുന്നതിനുള്ള രീതികളാണ് കെ.വി.കെ. പരിചയപ്പെടുത്തുന്നത്. ഇതിന്റെ ഭാഗമായി രണ്ടുദിവസത്തെ കൃഷി സാങ്കേതികവിദ്യാ പ്രദർശനവും ഫലവൃക്ഷത്തൈ വിപണനമേളയും ചൊവ്വാഴ്ച സി.എം.എഫ്.ആർ.ഐ.യിൽ തുടങ്ങും.

നഗരപ്രദേശങ്ങളിലുള്ളവർക്കു കൂടി ഗുണകരമാകുന്ന വീടിന്റെ മട്ടുപ്പാവിൽ ഫലവൃക്ഷങ്ങൾ വളർത്തുന്നതിനുള്ള സാങ്കേതികവിദ്യയാണ് പ്രദർശനത്തിൽ പരിചയപ്പെടുത്തുക. മികച്ച വിജയം കൈവരിച്ച ജൈവകർഷകർ അനുഭവങ്ങൾ പങ്കുവയ്ക്കും.

മട്ടുപ്പാവിൽ ചട്ടിയിൽ വളർത്തുന്ന ഫലവൃക്ഷങ്ങൾ പ്രദർശിപ്പിക്കും. വേഗത്തിൽ കായ്ക്കുന്ന, ഗുണമേന്മയുള്ള, ഫലവൃക്ഷങ്ങളുടെ തൈകളാണ് മേളയിലുണ്ടാകുക. മാവ്, പ്ലാവ്, പേര, വിവിധയിനം ചാമ്പ, പലതരം നാരകം, നെല്ലി, ഞാവൽ, സപ്പോട്ട, മാതളം, സീതപ്പഴം, ചെറി, പാഷൻ ഫ്രൂട്ട് തുടങ്ങിയവയുടെ തൈകൾ മേളയിൽ ലഭിക്കും. കൃഷിരീതികൾ പരിചയപ്പെടുത്തുന്ന വീഡിയോ പ്രദർശനം, വിദഗ്ധരുമായുള്ള സംവാദം എന്നിവയുമുണ്ടാകും. എല്ലാ വീടുകളുടെ മട്ടുപ്പാവിലും പഴത്തോട്ടം പിടിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് കെ.വി.കെ. മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു.